ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/8216/2025-EA2 (EA)** **27-10-2025**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - "ഗ്രീൻ ലീഫ് റേറ്റിങ് സിസ്റ്റം ","വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് ", എക്കോ സെൻസസ് " പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം - പദ്ധതികളുടെ പരിശീലന പരുപാടിയിൽ പങ്കെടുന്നുന്നതിന് - ജില്ലാ - സംസ്ഥാന തല നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1.ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നം.**SM/1387/2025-DEO CS Part (2)** തീയതി:**23.10.2025.**

**2.**ഈ കാര്യാലയത്തിലെ **DTETVM/5671/2024-EA2(EA)** നമ്പർ ഉത്തരവ് തീയതി:**09.10.2025.**

**3.**ഈ കാര്യാലയത്തിലെ **DTETVM/5671/2024-EA2(EA)** നമ്പർ ഉത്തരവ് തീയതി:**13.10.2025.**

**4.02.11.2024** തീയതിയിലെ സ.ഉ.(സാധാ) നം.**2088/2024**/ത.സ.ഭ.വ നംസർക്കാർ ഉത്തരവ്.

**5.20.09.2025** തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

**6.30.09.2025** ലെ സ.ഉ.(സാധാ) നം.**2388/2025/LSGD** നം സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും മേൽ നോട്ടത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടന്ന് വരുകയാണ്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കലാലയങ്ങളിലും ശാസ്ത്രീയമായി മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കി എല്ലാ കലാലയങ്ങളിലും വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനായി ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥ വിലയിരുത്തൽ നടത്തി റേറ്റിങ് നൽകുന്നതിനായി "ഗ്രീൻ ലീഫ് റേറ്റിങ് സിസ്റ്റം " എന്ന പേരിൽ ഒരു പദ്ധതി ഉന്നത/സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആരംഭിക്കുന്നതിന് വായന (4) പ്രകാരം സർക്കാർ ഉത്തരവാകുകയും സൂചന (5) പ്രകാരം പദ്ധതി നടത്തിപ്പ് സംബന്ധിച്ച് തീരുമാനവും ആയിട്ടുണ്ട്.

പ്രസ്തുത പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം **2025** ഒക്ടോബർ **29** ന് ഉച്ചയ്ക്ക് **3.00** മണിക്കും, സംസ്ഥാന - ജില്ലാതല നോഡൽ ഓഫീസർമാരുടെ പരിശീലനം അന്നേ ദിവസം

രാവിലെ 10 മണി മുതലും തിരുവനന്തപുരം അരിസ്റ്റോ ജംഗ്ഷനിലുള്ള ഹോട്ടൽ ഹൈസിന്തിൽ വച്ച് സംഘടിപ്പിക്കുന്നതായി സൂചന (1) പ്രകാരം അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ മാലിന്യ ശേഖരണ ഡ്രൈവിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വായന (2), (3) പ്രകാരം നിയമിച്ചിട്ടുള്ള സംസ്ഥാന - ജില്ലാതല നോഡൽ ഓഫീസർമാർ പ്രസ്തുത പദ്ധതിയുടെ ഉദ്ഘടന ചടങ്ങിലും, നോഡൽ ഓഫീസർമാരുടെ പരിശീലനത്തിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ് എന്ന് ഇതിനാൽ അറിയിക്കുന്നു.

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Jayaprakash P
Date: 27-10-2025 13:07:17